@nilafoundation.org

# Press Release

17-04-2010
തിരുവനന്തപുരം

## ചിത്രരചനാ മത്സരം

കേരളത്തിലെ പുഴകളോട് അടുപ്പം തോന്നുന്ന, അവയുടെ ദുരിതങ്ങളിൽ പരിതപിക്കുന്ന, എന്തെങ്കിലും ആർത്ഥവത്തായി മലയാളത്തിലെ പുഴകൾക്കുവേണ്ടി ചെയ്യാൻ ആഗ്രഹിക്കുന്ന ആളുകൾക്കായി ഒരു പൊതുവേദി ഒരുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് നിളാ ഫൗണ്ടേഷൻ. **എന്റെ പുഴ** എന്ന വിഷയത്തെ ആസ്പദമാക്കി ആഗോളാടിസ്ഥാനത്തിൽ ഒരു ചിത്രരചനാ മത്സരം ഫൗണ്ടേഷൻ സംഘടിപ്പിക്കുന്നു. 2010 ജൂൺ 5 ന് ഫൗണ്ടേഷൻ തിരൂർ തുഞ്ചൻപറമ്പിൽവെച്ച് പ്രസിദ്ധീകരിക്കാൻ പോകുന്ന **പുഴമലയാളം** എന്ന പുസ്തകത്തിൽ ചേർക്കുന്നതിനു വേണ്ടിയാണ് ചിത്രങ്ങൾ ക്ഷണിക്കുന്നത്. നാനൂറോളം പേജുകളും 14 അദ്ധ്യായങ്ങളുമുള്ള കേരളത്തിലെ പുഴകളുടെ പാരിസ്ഥിതികശോഷണത്തെ കുറിച്ച് വിശദ പഠനമായ ഈ പുസ്തകം സി. കെ. സുജിത്കുമാറും കെ. ഉമാദേവിയും ചേർന്നാണ് രചിച്ചിരിക്കുന്നത്. പുസ്തകത്തിന്റെ നിർമ്മാണ–പ്രസാധനപ്രക്രിയയിൽ ജനകീയപങ്കാളിത്തം കഴിവതും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് ഓരോ അദ്ധ്യായത്തിന്റെ തുടക്കത്തിലും പുഴയെ ആവിഷ്കരിക്കുന്ന ചിത്രങ്ങൾ ചേർക്കാൻ ഞങ്ങൾ തീരുമാനിച്ചത്. ഇത് പുഴയുമായി ബന്ധപ്പെട്ട മനോഹരങ്ങളായ അനുഭവങ്ങളുടെയോ കാഴ്ചകളുടെയോ പ്രതിഫലനങ്ങളോ, പുഴകളുടെ പാരിസ്ഥിതികദുരന്തം ചിത്രീകരിക്കുന്നവയോ ആകാം.

എം. ടി. വാസുദേവൻ നായർ, സി.എൻ. കരുണാകരൻ, ആർട്ടിസ്റ്റ് മദനൻ, കാർട്ടൂണിസ്റ്റ് വേണു, രാജീവ് മേനോൻ, സി. ജയകുമാർ, ഡോ. എ. ലത എന്നിവരടങ്ങിയ ഒരു വിദഗ്ധ സമിതിയായിരിക്കും സമ്മാനാർഹമായ ചിത്രങ്ങൾ തിരഞ്ഞെടുക്കുക.

ചിത്രരചനാ മത്സരവുമായി ബന്ധപ്പെട്ട് ലളിത കലാ അക്കാദമി ചെയർമാൻ സി.എൻ കരുണാകരൻ അഭിപ്രായപ്പെട്ടത് : **തന്റെ ചെറുപ്പകാലവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇപ്പോൾ പുഴകളുടെ അവസ്ഥ വളരെ ദയനീയമാണ്. നമ്മുടെ ജലസ്രോതസ്സുകളെ കുറിച്ച് നമുക്ക് നല്ല ധാരണയുണ്ടെന്നാണ് വെപ്പ്. എന്നാൽ ചില ആളുകൾ പ്രാദേശികമാമായി ചെയ്യുന്ന പഠനങ്ങളും പ്രാദേശിക പ്രശ്നങ്ങളെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളും ഒഴിച്ചാൽ ഈ രംഗത്ത് സമഗ്രമായ പഠനങ്ങളോ വലിയരീതിയിലുള്ള പ്രവർത്തനങ്ങളോ നടക്കുന്നില്ല. ജീവജലം പോലെത്തന്നെ പ്രധാനപ്പെട്ടതാണ് ജലസ്രോതസ്സുകളും. അവയെ മലിനപ്പെടുത്തുക, അമിതമായി ചൂഷണംചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ ഭാവി തലമുറയോടു ചെയ്യുന്ന ദ്രോഹമാണ്. ഒരു ബോധവൽക്കരണ മാധ്യമം എന്ന നിലയിൽ ചിത്രകലയ്ക്ക് ഈ രംഗത്ത് പ്രധാനപ്പെട്ട ഒരു പങ്ക് വഹിക്കാനാകും.**

ആകെ ലഭിക്കുന്ന എൻട്രികളിൽനിന്ന് മൂന്നു വിഭാഗങ്ങളിലായി മികച്ച 14 ചിത്രങ്ങൾ തിരഞ്ഞെടുത്ത് അവ പുസ്തകത്തിൽ ചേർക്കും. കൂടാതെ സമ്മാനാർഹരാകുന്ന ആളുകൾക്കായി നിളയുടെ സംസ്കാരവും ചരിത്രവും പരിസ്ഥിതിയും അറിയുവാനും അനുഭവിക്കാനുമായി ഒരു പുഴയാത്രയും ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നതാണ്. കൂടാതെ തിരഞ്ഞടുത്ത ചിത്രങ്ങൾ പുസ്തകം പ്രസിദ്ധീകരിക്കുന്ന വേളയിൽ തിരൂർ തുഞ്ചൻപറമ്പിൽവെച്ച് പ്രദർശിപ്പിക്കുന്നതുമാണ്.

കുട്ടികൾക്കും വിദ്യാർത്ഥികൾക്കും യുവാക്കൾക്കും പ്രായമായവർക്കും മത്സരത്തിൽ പങ്കെടുക്കാം. 10 വയസിനു താഴെ, 10 നും 18 നും ഇടയിൽ, 18 വയസിനുമേൽ എന്നിങ്ങനെമൂന്നു വിഭാഗങ്ങളിലായിട്ടാണ് മത്സരം. 10 ഇഞ്ച് x 8 ഇഞ്ച് വലിപ്പത്തിലുള്ള വെളുത്ത ഡ്രോയിങ്ങ് ഷീറ്റിൽ കറുത്ത മഷിയിൽ വരച്ച ചിത്രങ്ങളാണ് (ink and pen drawing) അയക്കേണ്ടത്. കമ്പ്യൂട്ടറിൽ വരയ്ക്കുന്ന ആളുകൾക്ക് സമാനവലിപ്പത്തിലുള്ള എൻട്രികൾ ഇമെയിൽ ചെയ്യാവുന്നതാണ് (300 DPI റസല്യൂഷനിൽ 5 MB യിൽ കവിയാത്ത). ഒരാൾക്ക് മൂന്ന് എൻട്രികൾ വരെ അയക്കാം. അയക്കുന്ന ചിത്രത്തോടൊപ്പം അത് വരയ്ക്കാനുണ്ടായ സാഹചര്യത്തെ കുറിച്ച് 500 വാക്കിൽ കവിയാത്ത ഒരു കുറിപ്പ് വെക്കാൻ താത്പര്യപ്പെടുന്നു. കൂടാതെ ചിത്രം മൗലികമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കണം. എൻട്രികൾ ലഭിക്കേണ്ട അവസാനതിയതി ഏപ്രിൽ 25 ആണ്. എൻട്രി ഫോമിനും നിബന്ധനകൾക്കും കൂടുതൽ വിവരങ്ങൾക്കും nilafoundation.org/puzha.htm എന്ന വെബ്സൈറ്റ് നോക്കുക.